# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.125 - 30/11/2015 ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി. സുധാകരൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

**പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശകൾ**

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് എത്ര തുക വീതം ശിപാർശ ചെയ്തിരുന്നു എന്ന് വിശദീകരിക്കുമോ; | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി)<br>31.3.2015 വരെ കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനത്തിന് വിവിധ ഇനങ്ങളിലായി എത്ര തുക വീതം ലഭ്യമായി എന്ന് വ്യക്തമാക്കുമോ; | |
| (സി)<br>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും ശിപാർശകൾ പതിമൂന്നാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുണ്ടായിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച് കൈകൊണ്ട നടപടികൾ എന്തൊക്കെയാണ്? | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷൻ താഴെപ്പറയുന്ന ധനലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി ഒരു ധനദൃഢീകരണ പാത ശിപാർശ ചെയ്തിരുന്നു.<br>(പട്ടിക താഴെ)<br>ഇതിന്റെ അടിസ്ഥാനത്തിൽ കേരള ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്തിരുന്നു. |
| (ഡി)<br>സാമ്പത്തിക അച്ചടക്കം പാലിക്കുന്നതുമായി ബന്ധപ്പെടുത്തി സംസ്ഥാനങ്ങൾക്ക് പ്രത്യേക സാമ്പത്തികസഹായം എന്തെങ്കിലും പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച സാമ്പത്തിക സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത സ്റ്റേറ്റ് സ്പെസിഫിക്ക് ഗ്രാന്റ് ലഭിക്കുന്നതിന് ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധന ദൃഢീകരണ പാത ഉൾപ്പെടുത്തി ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യണമെന്ന് ശിപാർശ ചെയ്തിരുന്നു. ഇതു പ്രകാരം സംസ്ഥാന സർക്കാർ ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യുകയും സ്റ്റേറ്റ് സ്പെസിഫിക്ക് ഗ്രാന്റായി 2011-15 കാലയളവിൽ 1050.65 കോടി രൂപ |

| ഇനം | വർഷം | | | |
|---|---|---|---|---|
| | 2011-12 | 2012-13 | 2013-14 | 2014-15 |
| റവന്യൂ കമ്മി | 1.4 | 0.9 | 0.5 | 0.0 |
| ധനകമ്മി | 3.5 | 3.5 | 3.0 | 3.0 |
| കടം/GSDP യുടെ ശതമാനക്കണക്ക് | 32.3 | 31.7 | 30.7 | 29.8 |

| | |
|---|---|
| | ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗവണ്മെന്റ് ഓഫ് ഇൻഡ്യയിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള ലോണുകൾ 2009-10 വരെ ബാക്കിയുള്ള തുക (ധനമന്ത്രാലയം ഒഴികെ) എഴുതിത്തള്ളിയതിന്റെ അടിസ്ഥാനത്തിൽ 51.825 കോടി രൂപ 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. |
| (ഇ) പതിമൂന്നാം ധനകാര്യ കമ്മീഷൻ വിവിധ ഇനങ്ങൾക്കായി അനുവദിച്ച ഗ്രാന്റ് മുഴുവനായും സർക്കാർ വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിനിയോഗിക്കാത്ത തുകകൾ/പദ്ധതികൾ എന്തെല്ലാമാണെന്നും ഇതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ? | അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

**ചോദ്യം 125 എ, ബി, ഇ എന്നിവയ്ക്കുള്ള മറുപടി**

(തുക കോടിയിൽ)

| ക്ര.നം | ഇനം | ശിപാർശ ചെയ്തത് | ലഭിച്ചത് | ലഭിക്കാതിരുന്നതിന്റെ കാരണങ്ങൾ |
|---|---|---|---|---|
| | | 125 എ | 125 ബി | 125 ഇ |
| 1 | പ്രാഥമിക വിദ്യാഭ്യാസം | 140.00 | 140.00 | മുഴുവൻ തുകയും ലഭിച്ചിട്ടുണ്ട്. |
| 2. | വാട്ടർ സെക്ടർ മാനേജ്മെന്റ് | 176.00 | 44.00 | പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം വാട്ടർ റെഗുലേറ്ററി അതോറിറ്റി യഥാസമയം രൂപീകരിക്കാൻ സംസ്ഥാനത്തിന് കഴിയാത്തതു കാരണം ശേഷിച്ച തുക ലഭ്യമാകാതെ പോയി. |
| 3 | വനം | 135.52 | 124.25 | പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത തുകയിൽ 25% സംസ്ഥാനത്തിന്റെ നോൺ പ്ലാൻ റവന്യൂ എക്സ്പെൻഡീച്ചറുമായി ലിങ്ക് ചെയ്തിട്ടുള്ളതാണ്. ഇതു കാരണം 2012-13 ൽ ലഭിക്കേണ്ടതിൽ നിന്ന് 8.47 കോടി രൂപ നഷ്ടമാകുകയും അനുവദിച്ച തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം വനം വകുപ്പ് യഥാസമയം സമർപ്പിക്കാത്തതുകൊണ്ടും ബാക്കി തുക നഷ്ടമായി. |
| 4. | റിന്യൂവബിൾ എനർജി | | 12.50 | ഇൻസെന്റീവ് ഇനത്തിൽ നൽകിയിട്ടുള്ളതാണ്. |
| 5. | ഇംപ്രൂവ്മെന്റ് ഇൻ ജസ്റ്റിസ് ഡെലിവെറി | 140.06 | 43.09 | ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച ധന വിനിയോഗം നിർദ്ദിഷ്ടകാലയളവിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അടുത്ത ഗഡു ലഭിക്കുന്നതിനാവശ്യമായ 37.61 കോടി രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം പിന്നീട് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെയും അടുത്ത ഗഡുക്കൾ ലഭിച്ചിട്ടില്ല. |
| 6. | ഇൻസെൻറ്റീവ് ഫോർ യു.ഐ.ഡി | 49.60 | 4.96 | ആദ്യ ഗഡുവായി അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം വിവര സാങ്കേതിക വകുപ്പിൽ നിന്നും ലഭിക്കാത്തതുകൊണ്ടും കമ്മീഷൻ നിർദ്ദേശിച്ച യു.ഐ.ഡി.എ സർട്ടിഫിക്കേഷൻ സമർപ്പിക്കാത്തതുകൊണ്ടും അടുത്ത ഗഡുക്കൾ ലഭിച്ചിട്ടില്ല. |
| 7. | ഇൻസെൻറ്റീവ് ഫോർ റിഡക്ഷൻ ഓഫ് ഐ.എം.ആർ | | 38.38 | ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ഇൻസെന്റീവ് ആണ്. |
| 8. | ഡിസ്ട്രിക്റ്റ് ഇന്നവേഷൻ ഫണ്ട് | 14.00 | 7.71 | ആദ്യ ഗഡുവായി ലഭിച്ച തുക (7 കോടി) യുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നുവെങ്കിലും രണ്ടാം ഗഡുവായി 71 ലക്ഷം രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. |

| ക്ര.നം | ഇനം | ശിപാർശ ചെയ്തത് | ലഭിച്ചത് | ലഭിക്കാതിരുന്നതിന്റെ കാരണങ്ങൾ |
|---|---|---|---|---|
| | | 125 എ | 125 ബി | 125 ഇ |
| 9. | ഇംപ്രൂവ്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റംസ് അറ്റ് സ്റ്റേറ്റ് & ഡിസ്ട്രിക്ട് ലെവൽ | 14.00 | 8.40 | അനുവദിച്ച തുകയുടെ വിനിയോഗം കമ്മീഷൻ നിർദ്ദേശിച്ച തലത്തിൽ എത്തിച്ചേരാത്തതിനാൽ അടുത്ത ഗഡു ലഭിച്ചിട്ടില്ല. |
| 10. | എംപ്ലോയി ആന്റ് പെൻഷൻ ഡാറ്റാ ബേസ് | 10.00 | 2.50 | കമ്മീഷൻ നിർദ്ദേശിച്ച സമയപരിധിയായ മൂന്നു വർഷത്തിനുള്ളിൽ 'സ്പാർക്കും ട്രഷറിയും തമ്മിലുള്ള ഏകീകരണം പൂർത്തിയാവാത്തതിനാൽ അടുത്ത ഗഡുക്കൾ ലഭിച്ചിട്ടില്ല. |
| 11 | മെയിന്റനൻസ് ഓഫ് റോഡ്സ് & ബ്രിഡ്ജസ് | 953.00 | 721.00 | കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം നോൺ പ്ലാൻ റവന്യൂ എക്സ്പെൻഡിച്ചർ വ്യവസ്ഥകൾ സംസ്ഥാനം കൈവരിക്കാത്തതിനാൽ 2012-13 വിഹിതം ലഭിച്ചില്ല. |
| 12 | ഡിസാസ്റ്റർ റിലീഫ് | 563.22 | 559.22 | കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം നോൺ പ്ലാൻ റവന്യൂ എക്സ്പെൻഡിച്ചർ വ്യവസ്ഥകൾ സംസ്ഥാനം കൈവരിക്കാത്തതിനാൽ 2012-13 വിഹിതം ലഭിച്ചില്ല. |
| 13 | ലോക്കൽ ബോഡീസ് | 2676.10 | 2732.13 | ബേസിക് ഗ്രാന്റ് ഇനത്തിൽ 1749.70 കോടി രൂപ അവാർഡായി നിശ്ചയിച്ചിരുന്നതിൽ 1773.01 കോടി രൂപ ലഭിക്കുകയും, പെർഫോർമൻസ് ഗ്രാന്റ് ഇനത്തിൽ 926.4 കോടി രൂപ അവാർഡായി നിശ്ചയിക്കുകയും 959.12 കോടി രൂപ (ഇതിൽ 167.06 കോടി രൂപ മറ്റ് സംസ്ഥാനങ്ങൾ വിനിയോഗിക്കാത്ത തുക വിഹിതം വെച്ചതിൽ നിന്നും ലഭിച്ചിട്ടുള്ളതുമാണ്) ലഭിക്കുകയും ചെയ്തു. എന്നാൽ 2014-15 വർഷത്തിലെ പെർഫോർമൻസ് ഗ്രാന്റിന്റെ രണ്ടാമത്തെ ഗഡുവായ 161.25 കോടി രൂപ ലഭിക്കുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. |
| 14 | അപ്ഗ്രഡേഷൻ ഓഫ് പോലീസ് | 100.00 | 90.00 | അവസാന ഗഡു ലഭിക്കുന്നതിനാവശ്യമായ ധനവിനിയോഗ സാക്ഷ്യ പത്രം യഥാസമയം ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. |
| 15 | ഇൻലാന്റ് വാട്ടർ വേയ്സ് | 100.00 | 72.05 | അവസാന ഗഡു ലഭിക്കുന്നതിനാവശ്യമായ ധനവിനിയോഗ സാക്ഷ്യ പത്രം യഥാസമയം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. |
| 16. | കോസ്റ്റൽ സോൺ മാനേജ്മെന്റ് | 100.00 | 84.73 | അവസാന ഗഡു ലഭിക്കുന്നതിനാവശ്യമായ ധനവിനിയോഗ സാക്ഷ്യ പത്രം യഥാസമയം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. |

| ക്ര.നം | ഇനം | ശിപാർശ ചെയ്തത് | ലഭിച്ചത് | ലഭിക്കാതിരുന്നതിന്റെ കാരണങ്ങൾ |
|---|---|---|---|---|
| | | 125 എ | 125 ബി | 125 ഇ |
| 17. | പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ്സ് | 148.00 | 133.20 | ഗ്രാന്റായി ലഭിച്ച തുകയുടെ 90% വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നുവെങ്കിലും അവസാന ഗഡു നാളിതുവരെ ലഭിച്ചിട്ടില്ല. |
| 18. | ഹെൽത്ത് ഇൻഫ്രാസ്ട്രക്ച്ചർ | 198.00 | 148.50 | ലഭിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര ഗവൺമെന്റ് അവസാന ഗഡു നാളിതുവരെ നൽകിയിട്ടില്ല. |
| 19. | ഫിഷറീസ് | 200.00 | 94.66 | ലഭിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അടുത്ത രണ്ട് ഗഡുക്കൾ ലഭിക്കാൻ അർഹതയുണ്ടെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. |
| 20. | അപ്ഗ്രഡേഷൻ ഒഫ് പ്രിസൺസ് | 154.00 | 115.50 | അവസാന ഗഡു ലഭിക്കുന്നതിന് അർഹത ഉണ്ടായിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. |
| 21. | ആനിമൽ ഹസ്ബന്ററി | 150.00 | 74.90 | ലഭിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നു. കൂടാതെ അടുത്ത ഗഡു ലഭിക്കുന്നതിനാവശ്യമായ ശുപാർശ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നൽകിയിരുന്നുവെങ്കിലും കേന്ദ്ര ധനകാര്യ വകുപ്പ് അടുത്ത ഗഡു നാളിതുവരെ വിതരണം ചെയ്തിട്ടില്ല. |
| 22. | കുട്ടനാട് ഡെവലപ്മെന്റ് | 300.00 | 203.08 | അവസാന ഗഡു ലഭിക്കുന്നതിനാവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. |
| 23. | വാട്ടർ ബോഡീസ് | 50.00 | 21.53 | ലഭിച്ച തുകയ്ക്ക് ആനുപാതികമായി ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിരുന്നുവെങ്കിലും അടുത്ത രണ്ട് ഗഡുക്കൾ നാളിതുവരെ ലഭിച്ചിട്ടില്ല. |
| | ആകെ | 6371.50 | 5476.28 | |

*നോട്ട്:- അക്കൗണ്ടന്റ് ജനറലിന് നൽകിയിട്ടുള്ള മറുപടിയിൽ നിന്ന്*

സെക്ഷൻ ഓഫീസർ